# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 292 — 20/6/2014 ൽ മറുപടിയ്ക്ക്

## ഇടുക്കി പാക്കേജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എ. ബേബി<br>,, കെ. കെ. ജയചന്ദ്രൻ<br>,, എസ്. രാജേന്ദ്രൻ<br>,, കെ. സുരേഷ് കുറുപ്പ് | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| (എ) | ഇടുക്കി പാക്കേജ് നടപ്പാക്കിയതിന്റെ ഫലമായി ഇടുക്കി ജില്ലയിലെ കാർഷിക മേഖലയിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് ഉണ്ടായതെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | പാക്കേജ് നടപ്പാക്കുന്നതിൽ വേണ്ടത്ര വിജയിക്കാതിരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; | (ബി) | കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് ഡിപിആർ തയ്യാറാക്കി അംഗീകാരം ലഭിക്കാനുള്ള കാലതാമസം ഉണ്ടായിട്ടുണ്ട്. |
| (സി) | എന്തെല്ലാം പ്രതിബന്ധങ്ങളാണ് പാക്കേജിന്റെ നടത്തിപ്പിനിടയിൽ നേരിടേണ്ടി വന്നതെന്നറിയിക്കാമോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിരുന്നോ ; | (സി) | ഇടുക്കി പാക്കേജിന്റെ നടത്തിപ്പിൽ പ്രതിബന്ധങ്ങൾ നേരിടുന്നുണ്ട്. 50 ലക്ഷത്തിന് താഴെ ചെലവുള്ള പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ഫണ്ടിലും അതിന്മേൽ തുകയ്ക്കുള്ള പദ്ധതികൾ കേന്ദ്രസർക്കാരിന്റെ തുടർസ്കീമുകളിൽ ഡിപിആർ തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതികൾക്ക് അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്നത്. ഇടുക്കി പാക്കേജിന് മാത്രമായി ബജറ്റ് വിഹിതമില്ലാത്തതിനാൽ പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ചില പദ്ധതികൾക്ക് അതാത് സ്കീം പ്രകാരമുള്ള കേന്ദ്ര വിഹിതം കുറവായത് കാരണം പദ്ധതികൾ നടപ്പിലാക്കാൻ തടസ്സം നേരിടുന്നു. |
| (ഡി) | ഇടുക്കി പാക്കേജിന്റെ കാലാവധി നീട്ടണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച് വിശദമാക്കാമോ? | (ഡി) | 15/1/2014 ൽ കൂടിയ സംസ്ഥാന മന്ത്രിസഭായോഗം ഇടുക്കി പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടുന്നതിന് കേന്ദ്രത്തോട് അഭ്യർത്ഥിക്കുവാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രി 23/1/2014 ന് കേന്ദ്രത്തോട് അഭ്യർത്ഥിക്കുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ